# തിരുവെഴുത്തുകൾ സർഗ്ഗഭാവനകളോ?

സുധീർ പണിക്കവീട്ടിൽ

*(ശ്രീ സി. ആൻഡ്രൂസ്സിൻെറ "സത്യവേദപുസ്തകം, സത്യവും മിഥ്യയും ഒരു അവലോകനം )*




ശ്രീ സി. ആൻഡ്രൂസിൻെറ "സത്യവേദപുസ്തകം, സത്യമോ, മിഥ്യയോ" എന്ന പുസ്തകത്തിനു ഒരവതാരികയോ നിരൂപണമോ ആവശ്യമില്ല. സത്യമോ മിഥ്യയോ എന്ന് ഗ്രന്ഥകർത്താവ് ചോദിക്കുമ്പോൾ അതിൽ സത്യവും ഉണ്ടെന്ന ഒരു തോന്നൽ വായനകാരനുണ്ടാകുമെങ്കിൽ അത് തെറ്റാണ്. കാരണം പുസ്തകം മുഴുവൻ സത്യമെന്ന് ധരിക്കുന്നവരോട് സത്യം എന്താണെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ക്രുസ്തുവർഷം 2016 ഇപ്പോൾ പിറന്ന് വീണു. അത് ആചരിക്കുന്നത് ക്രുസ്തു എന്നയാൾ ജീവിച്ചിരുന്നു, അദ്ദേഹം ദൈവപുത്രനാണെന്ന പൂർണ്ണവിശ്വാസത്തിലാണ്. എന്തുകൊണ്ടാണ് ആളുകൾ കാലങ്ങളുടെ പുറകിൽ നിന്ന് കേൾക്കുന്നതൊക്കെ വിശ്വസിക്കുകയും കണ്മുന്നിൽകാണിച്ച് കൊടുക്കുന്ന സത്യങ്ങൾ മനസ്സിലാക്കാനും അറിയാനും ശ്രമിക്കാതിരിക്കുകയും ചെയ്യുന്നത്. മനുഷ്യരിലെ ഈ തെറ്റിദ്ധാരണ അല്ലെങ്കിൽ മൂഢത്വം അതായ്ത് പണ്ട് പറഞ്ഞതൊക്കെ ശരിയെന്ന മിത്ഥ്യാബോധം സ്വാർത്ഥതാൽപ്പര്യങ്ങൾക്കു വേണ്ടി ഒരു വിഭാഗം ജനം, വ്യക്തമായി പറയുകയാണെങ്കിൽ ദൈവ നാമത്തിൽ ധനികരാകാൻ കൊതിക്കുന്നവർ ഉപയോഗിക്കുന്നത്കൊണ്ടാണ് ഭൂമിയിൽ അന്ധവിശ്വാസം നില നിന്ന് പോരുന്നത്. ചിന്തിക്കാൻ മെനക്കെടാത്ത ബുദ്ധിയുള്ള മനുഷ്യർ ഒരു പക്ഷെ ഓരോരോ വിശ്വാസങ്ങൾക്കടിമയായി കഴിയുന്നത് അത്കൊണ്ടാണ്. പാപികളെ രക്ഷിക്കാൻ വന്നുവെന്ന വചനം വളച്ചൊടിച്ച് സ്വയം രക്ഷപ്പെടുന്നത്. പാപി ഒരു പാപം ചെയ്യുമ്പോൾ അവിടെ ഒരു "ഇര" ഉണ്ടായിരിക്കുമല്ലോ? എന്ത്കൊണ്ട് ഇരകളെ രക്ഷിക്കാൻ എന്നെഴുതിയില്ല. അല്ലെങ്കിൽ സൗകര്യപൂർവ്വം അത് വിട്ട് കളഞ്ഞു. കാരണം ഇരകളെ രക്ഷിക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ ഏത് ക്രൂര ക്രുത്യം ചെയ്യുന്നവനും ദൈവത്തോട് മാപ്പപേക്ഷിച്ച് ജീവിതം തുടരാം. പാവം ഇരകൾ അവർക്കേറ്റ ക്ഷതവുമായി നിയമവും, ദൈവവും(പ്രതികാരം ചെയ്യരുത്) കുടുക്കിയ കൂരുക്കിൽ ചത്തത് പോലെ ജീവിക്കുന്നു.

എത്രയോ ദയനീയം. അവതാരങ്ങളും പ്രവാചകന്മാരും ഭൂമിയിൽ വന്ന് അവർക്കറിയുന്നതൊക്കെ പറഞ്ഞ് പോയി. എന്നാൽ പതിരു തെല്ല് പോലുമില്ലാത്ത ഒരു വചനം പ്രായോഗിക ജീവിതത്തിൽ മനുഷ്യനു കിട്ടിയിട്ടില്ലെന്ന സത്യം ശ്രീ ആൻഡ്രൂസ്സിനെ പോലുള്ളവർ മനസ്സിലാക്കുന്നു. അവർ അത് നമ്മേ ബോധിപ്പിക്കുന്നു. അവർ സത്യാന്വേഷകരാകുന്നു. അവരുടെ ഗവേഷണഫലങ്ങൾ മനുഷ്യരാശിയുടെ നന്മക്കായി അവതരിപ്പിക്കുന്നു. എന്നാൽ അവരെപോലെയുള്ളവരെ ക്രൂശിക്കയും, കല്ലെറിയുകയും ചെയ്ത് മനുഷ്യൻ അവൻെറ അന്ധകാരഗ്രുഹ ചുമരുകൾക്കുള്ളിൽ ഭീരുത്വം പുതച്ച് ഉറങ്ങുന്നു. സത്യം മനസ്സിലാക്കാൻ വിസമ്മതിക്കുന്ന മനുഷ്യൻ ചൂട് വെള്ളത്തിൽ വെന്തുപോയ തവളയെപോലെയാണു്. തവള കിടന്നിരുന്ന വെള്ളം പതുക്കെ ചൂടാക്കികൊണ്ടിരുന്നപ്പോൾ തവളക്ക് നല്ല സുഖം. വെള്ളം ചൂടായികൊണ്ടിരുന്നപ്പോഴും തവള ആ സുഖാനുഭൂതിയിൽ ലയിച്ച് രക്ഷപ്പെടണമെന്ന ചിന്തയില്ലാതെ ആ വലിയ തൊട്ടിയിൽ കിടന്നു. പിന്നെ വെള്ളം തിളക്കാൻ തുടങ്ങിയപ്പോൾ രക്ഷയില്ലായിരുന്നു. മനുഷ്യനും അതെപോലെ സ്വയം ചിന്തിക്കാതെ ഭൂരിപക്ഷത്തിൻെറ പുറകെ പോകുന്നു അല്ലെങ്കിൽ അന്ധമായ വിശ്വാസത്തിനടിമയായി ജീവിച്ച് മരിക്കുന്നു.

മുമ്പ് പറഞ്ഞതും കേട്ടതും ശരിയാണെന്ന് അന്ധമായി വിശ്വസിക്കുന്ന ലോകത്തിൻെറ മുന്നിലേക്ക് സത്യത്തിൻെറ വെളിച്ചവുമായി പലരും വന്നു. ശ്രീ യേശുപോലും ഞാൻ ഒന്നും മാറ്റാനല്ല മറിച്ച് നിവർത്തിക്കാനാണു് വന്നതെന്ന് അദ്ദേഹത്തെ കുറിച്ച് എഴുതിയവർ എഴുതി വച്ചിട്ടുണ്ട്. അദ്ദേഹത്തേയും അന്നത്തെ ജനം കുറിശിലേറ്റി വധിച്ച് കളഞ്ഞുഞ്ഞുവെന്നും നമ്മൾ ബൈബിളിൽ വായിക്കുന്നു.. എന്നാൽ ഒരു ജനതയ്ക്ക് പിന്നീട് അദ്ദേഹം ദൈവമായി തീർന്നു. അദ്ദേഹത്തിൻെറ പേരിൽ ഒരു മതം പിറന്നു. ഈ ലോകത്തിലെ 32 ശതമാനം പേർ ആ വിശ്വാസത്തിൽ കഴിയുന്നു. ഈ ലോകത്ത് എണ്ണമറ്റ വിശ്വാസങ്ങളും മതങ്ങളും ഉണ്ട്. കൂടുതൽ അനുയായികൾ ഉള്ളവർ ആണോ യഥാർത്ഥ ദൈവത്തെ ആരാധിക്കുന്നത് എന്ന് ഇന്ന് ഒരു ചോദ്യചി□മായി നിലകൊള്ളുന്നു. കാരണം ശരിയായ ഉത്തരം അവർക്ക് പോലും കണ്ടെത്താൻ കഴിയുന്നില്ല. അന്ധകാരത്തിൽ ഉഴലുന്ന ലോകത്തിനു സത്യത്തിൻെറ വെളിച്ചം കാണിക്കാൻ വേണ്ടി ശ്രീ ആൻഡ്രൂസ്സ് എഴുതിയ ഈ പുസ്തകത്തിലൂടെ ഒന്ന് കണ്ണോടിക്കാം. ഒരു പക്ഷെ ഭൂരിഭാഗം ജനം വിശ്വസിക്കുന്ന ഒരു മതഗ്രന്ഥത്തിലെ തെറ്റുകൾ അല്ലെങ്കിൽ അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കാൻ അദ്ദേഹം തീരുമാനിച്ചത് ഒരു വലിയ ജനവിഭാഗം വഞ്ചിക്കപ്പെടരുതെന്ന നല്ല ഉദ്ദേശ്യത്തോടെയായിരിക്കാം.

സെമിറ്റിക്ക് മതങ്ങളൊക്കെ ഭൂമിയിൽ വേരു പിടിച്ചത് ദൈവ വചനങ്ങളുടെ ശക്തികൊണ്ടല്ല മറിച്ച് അത് പ്രചരിപ്പിച്ചവരുടെ ശേഷിയും ശേമുഷിയും (വാളു്, തോക്കു്, പ്രലോഭനം, മാനം കെടുത്തൽ തുടങ്ങിയ ആയുധങ്ങൾ കൊണ്ട്) അനുസരിച്ചാണെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. ആ അറിവ് ശരിയാണെന്ന് വിശ്വസിക്കുന്ന ഒരു ദൈവവിശ്വാസി ദൈവത്തിൻെറ കഴിവിൽ എത്രമാത്രം ഉറപ്പുള്ളവനാണു്. അവനുറപ്പില്ല. മനുഷ്യർക്ക് എന്ത് സംഭവിച്ചാലും അനങ്ങാത്ത ഈ അത്ഭുത പ്രതിഭാസത്തെ, ദൈവം എന്ന സങ്കൽപ്പത്തെ പിന്നെ എങ്ങനെ ഈ ലോകം മുഴുവൻ ആരാധിക്കുന്നു. ചിലർ അയൽപക്കകാരനെ സ്നേഹിച്ച്കൊണ്ട്, ചിലർ അവനെ വെട്ടികൊന്നുകൊണ്ട്, ചിലർ ശിലകളിൽ പാലും തേനും ഒഴുക്കികൊണ്ട്, ചിലർ തല മൊട്ടയിടിച്ച് മൗനം പാലിച്ച്കൊണ്ട് ഒക്കെ ആരാധന നടത്തുന്നു. സ്നേഹം കൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടാകുമെന്നല്ലാതെ ബാക്കി

പ്രവർത്തികളൊക്കെ പേടിത്തൊണ്ടനായ മനുഷ്യൻെറ ചാപല്യം മാത്രം. ശ്രീ ആൻഡ്രൂസ്സ് ഈ പുസ്തകം രണ്ട് ഭാഗങ്ങളായിട്ടാണ് എഴുതിയിരിക്കുന്നത്. രണ്ടാം ഭാഗം ആരംഭിക്കുന്നതിനു മുമ്പുള്ള ഒരു അദ്ധ്യായത്തിൽ ദൈവത്തിൻെറ ജനനത്തെക്കുറിച്ച് വിവരിക്കുന്നത് ഇങ്ങനെയാണ്. ***സ്വന്തം ആഗ്രഹങ്ങളുടെ പൂർത്തീകരണം സ്വപനം കണ്ടും സഹജീവികളിൽനിന്നുള്ള ആക്രമണം ഭയന്നും മനുഷ്യർ തന്നെ ഉണ്ടാക്കിയതാണ് എൻെറ ദൈവം, എൻെറ മതം, എൻെറ വിശ്വാസം എന്നിങ്ങനെയുള്ള മിഥ്യാസങ്കൽപ്പങ്ങളെല്ലാം. രോഗം, ദാരിദ്ര്യം, അത്യാഹിതം, കൂട്ടക്കൊല എന്നിവ ഉളവാക്കുന്ന ഭീതി നിമിത്തം അറിഞ്ഞും, അറിയാതെയും "എൻെറ ദൈവമേ എന്ന് പണ്ട് കാലം മുതൽക്കേ മനുഷ്യർ ദൈവത്തിൽ ശരണപ്പെട്ടിരുന്നു. ഭീതിദമായ കാര്യങ്ങളെ നിയന്ത്രിക്കാൻ ദൈവത്തിനു ശക്തിയുണ്ടെന്ന ധാരണയാണ് അർത്ഥശൂന്യവും നിഷ്ഫലവുമായ ഈ കേഴലിൻെറ കാരണം. മനുഷ്യൻെറ ഈ ബലഹീനതയെ മതവും മന്ത്രവാദിയും മുതലെടുത്തു. പൂജയും നേർച്ചകാഴ്ച്ചകളും ബലിയുംകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കുമെന്ന് അവർ പ്രചരിപ്പിച്ചു. ...(പേജ് 215-216)***

ശ്രീ ആൻഡ്രൂസ്സ് എന്തിനാണ് ഈ പുസ്തകം എഴുതിയത്? ജനത്തിൻെറ വിശ്വാസങ്ങളെ മാറ്റാൻ ഒരാൾക്ക് കഴിയുമൊ? അങ്ങനെ കഴിഞ്ഞില്ലെങ്കിൽ പിന്നെ ഈ പുസ്തകം കൊണ്ടെന്ത് പ്രയോജനം. അതിനുത്തരം അദ്ദേഹത്തിൻെറ പുസ്തകം പറയുന്നു. പുസ്തകത്തിൽ ദൈവമില്ലെന്ന് ആൻഡ്രൂസ്സ് പറയുന്നില്ല. അപ്പോൾ പിന്നെ ദൈവനിഷേധിയായ ഒരാളുടെ പുസ്തകമെന്ന അധിക്ഷേപത്തിനു ഈ പുസ്തകം പാത്രമാകുന്നില്ല. മരണശേഷമുള്ള സ്വർഗ്ഗത്തിനുവേണ്ടി പുരോഹിതന്മാരെ തീറ്റിപ്പോറ്റി സ്വയം അധ:പതിക്കുന്ന മനുഷ്യരെ ഉണർത്തുകയാണു ശ്രീ ആൻഡ്രൂസ്സ്. അദ്ദേഹം എഴുതുന്നു. ലോകജനതയാകെ "സമാധാനം" എന്ന രാഷ്ട്രത്തിലെ പൗരന്മാരും "സൽപ്രവർത്തികൾ" എന്ന മതത്തിലെ വിശ്വാസികളും ആകണം. ഈ അവസ്ഥ ഉണ്ടാകാനായി യത്നിക്കേണ്ടത് ഓരോ മനുഷ്യസ്നേഹിയുടേയും കടമയാണ്, ഇതിനെ എതിർക്കുന്നവരോ, ലോകത്ത് ആസുരതയുടെ വിത്തുകൾ വിതയ്ക്കുന്നു. ധൂപം, ബലി, നേർച്ച്, ഉപകാരസ്മരണ എന്നിവകൊണ്ട് ദൈവത്തെ പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നത് ദൈവ നിന്ദയല്ലാതെ മറ്റൊന്നുമല്ല. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പെരുന്നാളുകൾ എന്നിവയിലൂടെ ദൈവത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്നത് ദൈവം എന്താണെന്ന് അറിയാത്തത്കൊണ്ടാണ്. സദ്ഗുണസമ്പന്നമായ പ്രവർത്തികളാണ് യഥാർത്ഥ ദേവസ്തുതി. അങ്ങനെയുള്ള കർമ്മനിരതയാണു ശരിയായ ആരാധന. മനോവിചാരവും കർമ്മവും, നിഷ്ക്കപടവും മനുഷ്യനന്മക്കുതകിയും ആകുമ്പോൾ ദൈവം നമ്മിൽ ആവസിക്കുന്നു. സ്വർഗ്ഗം ഭാവിയിലെ സമ്മാനമല്ല. ഈ ജീവിതത്തിൽ എല്ലായ്പ്പോഴും അനുഭവിക്കാവുന്ന ഒന്നാണ്. ജീവിതം മുഴുവൻ നന്മകളാൽ നിറയുമ്പോൾ ഒരുവനിൽ സ്വർഗ്ഗരാജ്യം താനെ വരുന്നു. ഇത്രയും ലളിതമായി ഇദ്ദേഹം ജീവിതത്തേയും സ്വർഗ്ഗരാജ്യത്തേയും കുറിച്ച് പറയുമ്പോൾ അത് ശ്രദ്ധിക്കുന്നത് നന്മയല്ലേ? അല്ലാതെ സഹസ്രാബ്ദങ്ങൾക്കപ്പുറത്തുള്ളവർ എഴുതിവച്ച കാര്യങ്ങൾ അത് ദൈവത്തിൻെറ ശബ്ദ്മായി കരുതി ഇവിടെ തമ്മിൽ തമ്മിൽ മത്സരിച്ചും പോർ വിളിച്ചും ഭൂമിയെ മനുഷ്യ രക്തം കൊണ്ട് എന്തിനു നനച്ച് കുതിർത്തുന്നു.

അന്യോന്യവിരുദ്ധമായ വിവരണങ്ങൾ അടങ്ങുന്ന ബൈബിൾ ദൈവവചനമല്ലെന്ന് വിശ്വാസയോഗ്യമായ ഉദാഹരണങ്ങൾ നിരത്തികൊണ്ട് ശ്രീ ആൻഡ്രൂസ്സ് സ്ഥാപിക്കുന്നു.

ബൈബിളിനെ ഒരു പുരാണകഥയായി കാണുന്നത് ഇന്ന് സാങ്കേതിക വളർച്ചയും ശാസ്ത്രപുരോഗതിയും കൊണ്ട് മാത്രമുണ്ടായ ഒരു വികാസമല്ല. എ.ഡി 185 മുതൽ 430 വരെയുള്ള കാലഘട്ടത്തിൽ അന്നത്തെ ദേവാലയ പിതാക്കൾ ബൈബിളിലെ ഉത്പത്തി പുസ്തകത്തെ അക്ഷരാർത്ഥത്തിൽ എടുക്കാതെ ആലങ്കാരികമായി കണ്ടിരുന്നു. അത്തരം അബദ്ധങ്ങളുടെ വിവരണം ശ്രീ ആൻഡ്രുസ് ഈ പുസ്തകത്തിൽ വെളിപ്പെടുത്തുന്നു. ഒരു പക്ഷെ ഇത് ജനം വായിക്കുകയും അറിവ് നേടുകയും അല്ലെങ്കിൽ ഇതെപ്പറ്റി ഗവേഷണം നടത്താൻ തീരുമാനിക്കയും ചെയ്താൽ കോടിക്കണക്കിനു വരുമാനമുള്ള ദേവാലയങ്ങളും അതിനെ ചുറ്റിപ്പറ്റി നിൽക്കുന്ന പുരോഹിത വർഗ്ഗവും തകർന്ന് വീഴും. സ്വയം ദുർബ്ബലനും ഭയമുള്ളവനുമായ മനുഷ്യനെ പേടിപ്പെടുത്താനല്ല അവനെ ബോധവത്കരിക്കാനാണ് ആൻഡ്രൂസ് ശ്രമിക്കുന്നത്. ദൈവത്തെ വിറ്റ് കാശാക്കാൻ ശ്രമിച്ചവർ മനുഷരെ എത്രത്തോളം പേടിപ്പിക്കാമോ അത്രയ്ക്ക് പേടിപ്പിച്ചു. സ്വർഗ്ഗം നരകം എന്ന ഏതോ എഴുത്തുകാരൻെറ ഓലപാമ്പ് ഇന്നും അതിൻെറ ഇല്ലാത്ത പത്തി വ്ടർത്തി ജീവജാലങ്ങളിൽ ഏറ്റവും അധികം ബുദ്ധിശാലിയായ മനുഷ്യനെ നിയന്ത്രിക്കുന്നു. അത് കൊണ്ട് തന്നെ ആൻഡ്രൂസ്സിൻെറ സന്ദേശങ്ങൾ എല്ലാവരിലും എത്താൻ സമയം എടുത്തേക്കാം.

ബൈബിളിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഈ പുസ്തകം വായിച്ച് തീരുമ്പോൾ വെളിപ്പെടുന്ന സത്യങ്ങൾ അദ്ദേഹത്തിനു ജീവിതത്തിൽ നന്മയും സന്തോഷവും പകരുമെന്ന കാര്യം തീർച്ചയാണു്. അല്ലെങ്കിൽ ശ്രീ ആൻഡ്രുസ്സ് കണ്ടെത്തിയ സത്യങ്ങൾ സത്യങ്ങൾ അല്ലെന്ന് ആരെങ്കിലും തെളിയിക്കണം. ഈ ലേഖകൻ ഇക്കാര്യം ശ്രീ ആൻഡ്രുസ്സിനോട് സൂചിപ്പിച്ചപ്പോൾ പുസ്തകത്തിൽ അദ്ദേഹം കണ്ടെത്തി അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾ ശരിയല്ലെന്ന് തെളിയിക്കാൻ മുന്നോട്ട് വരുന്നവരെ അദ്ദേഹം സ്വാഗതം ചെയ്യുന്നു എന്നറിയിക്കയുണ്ടായി. വളരെ യാഥാസ്ഥിതത്വമുള്ള ഒരു ക്രുസ്തീയ വിശ്വാസിയോട് ഈ പുസ്തകത്തെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹത്തിൻെറ മറുപടി കാലാകാലങ്ങളായി ലോകമെമ്പാടും വായിക്കയും വിശ്വസിക്കയും ചെയ്യുന്ന വിശുദ്ധ ഗ്രന്ഥത്തെ ആർക്കെങ്കിലും ഗവേഷണം നടത്തി അതിൻെറ ദൈവീകത്വം നഷ്ടപ്പെടുത്താൻ കഴിയുമോ എന്നാണു്. നിഗൂഡതകളുടെ മൂടി തുറക്കാൻ ആർക്കും ഇഷ്ടമില്ല. ദൈവകോപം എന്ന ഭയത്തിൽ അനങ്ങാൻ കഴിയാതെ അടങ്ങികഴിയുകയാണു പാവം ജനങ്ങൾ. ദൈവം നീതിമാനും, കരുണാമയനുമൊന്നുമല്ലെന്നു അറിയുമ്പോൾ തന്നെ അങ്ങനെ വിശ്വസിക്കാൻ പാവം മനുഷ്യൻ കഷ്ടപ്പെടുന്നു. ദൈവത്തെ ചോദ്യം ചെയ്യാൻ മനുഷ്യൻ ആർ എന്ന തുരുപ്പ് ചീട്ടിൽ ജീവിതമെന്ന ചൂതാട്ടം ആടുന്നവർ കൈ നിറയെ കാശ് വാരുന്നു. അറിവിൻെറ കനി തിന്നരുതെന്ന് (ഏദൻ തോട്ടത്തിൽ) ദൈവം പറയാൻ വഴിയില്ല. അത് ഏതോ ബുദ്ധിരാക്ഷസൻെറ ഭാവനയായിരിക്കുമെന്ന് ശ്രീ ആൻഡ്രുസ്സിൻെറ പുസ്തകം വായിച്ച് കഴിയുമ്പോൾ മനസ്സിലാകും. അറിവ് അജ്ഞതയെ അകറ്റുന്നു. അത് കൊണ്ട് അറിവ് നേടാതിരിക്കുക, അതാണു ആ വരി എഴുതി വച്ച സൂത്രശാലിയായ മനുഷ്യൻെറ തന്ത്രം. ഹിന്ദു മതത്തിലും വേദം കേൾക്കുന്ന ശൂദ്രൻെറ ചെവിയിൽ ഇയ്യം ഉരുക്കി ഒഴിക്കുക എന്ന് എഴുതി വച്ചിട്ടുണ്ട്.

ശ്രീ ആൻഡ്രൂസ്സിൻെറ പുസ്തകത്തിൽ മുഴുനീളം വേദപുസ്തകത്തിലെ സംഭവങ്ങളെ, വാക്യങ്ങളെ ഖണ്ഡിക്കുകയും അവയെ വായനകാർക്ക് ബോദ്ധ്യപ്പെടുത്തുകയും

ചെയ്യുന്നുണ്ട്. പുസ്തകം പുറം 271ൽ ആൻഡ്രുസ്സ് എഴുതുന്നു. യെറുശലേം ദേവാലയം വീണതോടെ ലോകം മുഴുവൻ അവസാനിക്കുമെന്നു അൽപ്പജ്ഞാനികൾ കരുതി. ഇതെ വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണു് മർക്കോസിൻെറ സുവിശേഷം രൂപകൽപ്പന ചെയ്യപ്പെട്ടത്. മർക്കോസ് പറയും പ്രകാരമുള്ള അന്ത്യം വന്നില്ല. അന്ത്യദിനം കാത്തിരുന്ന ജനം പ്രായം ചെന്ന് സ്വാഭാവികമായി മരിച്ചു. വളരെ വേഗം തന്നെ മർക്കോസിൻെറ സുവിശേഷത്തിൻെറ പ്രവചനാടിസ്ഥാനം ദുർബ്ബലമായി. യേശു പറഞ്ഞത് പ്രചരിപ്പിക്കുകയായിരുന്നില്ല മർക്കോസ്സിൻെറ ഉദ്ദേശ്യം.....യേശു എന്തുകൊണ്ട് താൻ അറിയിക്കാൻ വന്ന സുവിശേഷം രഹസ്യമായി വച്ചു. യേശുവിൻെറ രക്ഷയുടെ സുവിസേഷം രഹസ്യമായി വയ്ക്കാനുള്ളതാണെങ്കിൽ എന്തിനു യേശു വന്നു. ...യേശു ലോകരക്ഷകനാണെന്ന വാദം ഇവിടെ പൊളിയുന്നു. മിസ്റ്റിസ്സിസത്തിലെ രഹസ്യങ്ങളെക്കുറിച്ച് മർക്കോസിൻെറ എഴുത്തുകാരനു പരിമിതമായ അറിവ് ഉണ്ടായിരുന്നിരിക്കണം. യേശുവിനെക്കുറിച്ച് ഓരോരുത്തരും ഓരൊ മാതിരി എഴുതി വച്ചിരിക്കുന്നുവെന്ന് വായിച്ചപ്പോൾ ബൈബിൾ എന്താ അമേരിക്കൻ മലയാള സാഹിത്യമാണോ എന്നു തോന്നി. ഇവിടെ ഒരാൾ എഴുതിയാൽ അത് അനുകരിച്ചും അതിൽ നിന്ന് പ്രചോദനം കൊണ്ടും (നൈസർഗ്ഗികമായ സർഗ്ഗശക്തിയില്ലാതെ) പലരും എഴുതുന്നുണ്ടല്ലോ. തൻെറ ഗവേഷണത്തിൽ നിന്നും കണ്ടെത്തിയ വിവരങ്ങൾ സംശയാതീതമായി ബോദ്ധ്യം വന്നതിലാകാം ശ്രീ ആൻഡ്രുസ്സ് "ദൈവത്തിൻെറ പേരിലെഴുതിയ കള്ളസാഹിത്യമാണു തിരുവചനം എന്നു വ്യക്തം'' എന്നു പ്രഖ്യാപിക്കുന്നത്. സത്യ്വേദപുസ്തകത്തിൽ കാണുന്നതെല്ലാം സത്യമല്ല. സങ്കൽപ്പങ്ങൾ മാത്രമാണെന്ന സത്യം മനസ്സിലാക്കുന്ന കാലം വരെ വിശ്വാസികൾ വിജ്ഞാനരഹിതരും വിഡ്ഡികളുമായിരിക്കും. വിജ്ഞാനരഹിതമായ വിശ്വാസം തുടങ്ങുമ്പോൾ തന്നെ വ്യക്തി ആത്മീയമായി മരിക്കുന്നു. ജീവിക്കുമ്പോൾ തന്നെ മരിച്ചവർ എന്തിനു ഭൂമിക്ക് ഭാരമായി തുടരുന്നു. ദൈവം തന്നോട് സംസാരിക്കുന്നുവെന്നൊക്കെ പറയുന്നത് മാനസികരോഗം തന്നെ. ..ശ്രീ ആൻഡ്രുസ്സ് ശക്തമായ ഭാഷയിൽ പ്രതികരിക്കുന്നു. (പുറം 386-387)

മതം ഇന്ന് മനുഷ്യനെ കൊന്നൊടുക്കുന്ന ഒരു പിശാചായി മാറിക്കഴിഞ്ഞു. ലോകത്തിൻെറ നാനാഭാഗത്ത് നിന്നും നമ്മൾ വായിക്കുന്ന മതതീവ്രവാദത്തിൻെറ വാർത്തകൾ സുഖകരമല്ല. ലോകത്തിൻെറ ഈ അരക്ഷിതാവസ്ഥയിൽ നിന്നും രക്ഷപ്പെടാൻ ഒരേ ഒരു വഴി " അറിവ് നേടുക അന്ധവിശ്വാസങ്ങൾ ഒഴിവാക്കുക " എന്നാണു്. പക്ഷെ അതത്രെ എളുപ്പമല്ല. കാരണം ഒരോ വ്യക്തിയും അതിനു ശ്രമിക്കണം. അങ്ങനെ ശ്രമിക്കുന്നതിനെ ക്കാൾ മനുഷ്യൻെറ സ്വഭാവമാണു് ആരെയെങ്കിലും പട്ടിയെപോലെ പിൻ തുടരുകയെന്ന്. അയാൾ എറിഞ്ഞ്കൊടുക്കുന്ന അപ്പ കഷണവും തിന്ന് അവനു വേണ്ടി കുരയ്ക്കുക. കാലാകാലങ്ങളായി അത് സംഭവിക്കുന്നില്ലേ? സത്യം വിളിച്ച് പറയുന്നവനെ ഭ്രാന്തനാക്കി ഒഴിച്ച് നിറുത്തുന്നില്ലേ? ജനങ്ങൾക്ക് വായിക്കാൻ താൽപ്പര്യമില്ലാത്തത് മനുഷ്യരാശിയെ ചൂഷണം ചെയ്തും ചതിച്ചും കഴിയുന്ന ഒരു വിഭാഗത്തിനു എത്രയോ അനുഗ്രഹമ്രായി. പ്രബുദ്ധരല്ലാത്ത ഒരു ജനതയെ ഒരാൾക്ക് എങ്ങനെ വേണമെങ്കിലും നയിക്കാമല്ലോ.

ശുഭം